# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**നാൽപതാമത് റിപ്പോർട്ട്**

**(2025 മാർച്ച് 19- ാം തീയതി സമർപ്പിച്ചത് )**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## നാൽപതാമത് റിപ്പോർട്ട്

(2025 മാർച്ച് 19- ാം തീയതി സമർപ്പിച്ചത് )

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)

### ഘടന

**ചെയർപേഴ്സൺ :**

**ശ്രീ. എം. എം. മണി,** എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ.  യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ.  എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ,  എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ   സെക്രട്ടേറിയറ്റ്** :

**ശ്രീ. എൻ.**കൃഷ്ണ കുമാർ ,  സെക്രട്ടറി

ശ്രീമതി സുദർശന.കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷമി.ജെ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ നാൽപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2016-2019), കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് 2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിലായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികളും കൂടാതെ അന്തിമ മറുപടി ലഭ്യമാക്കാതെയുള്ള ശിപാർശകളും കമ്മിറ്റിയുടെ തുടർശിപാർശയും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 17-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 19

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-2019)-യുടെ ഒന്നാമത് റിപ്പോർട്ട്  2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു.

ഭൂജലത്തിന്റെ ചൂഷണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് 2002-ലെ കേരള ഭൂജല (നിയന്ത്രണവും, ക്രമീകരണവും) ആക്ടിനു കീഴിൽ പുറപ്പെടുവിച്ചിരുന്ന എസ്.ആർ.ഒ കളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള സമിതിയുടെ മേൽ റിപ്പോർട്ടിൽ 7 ശിപാർശകളാണ് ഉണ്ടായിരുന്നത്. ആയതിൽ ഖണ്ഡിക 5-ലെ ശിപാർശ ഒഴികെ മറ്റെല്ലാ ശിപാർശകൾക്കും ബന്ധപ്പെട്ട ജലവിഭവ (ഭൂജല) വകുപ്പിൽ നിന്നും മറുപടി ലഭിയ്ക്കുകയും ബന്ധപ്പെട്ട ജലവിഭവ (ഭൂജല) വകുപ്പിൽ നിന്നും മറുപടി ലഭിയ്ക്കുകയും ലഭിച്ച മറുപടികൾ സമിതിയുടെ 20.12.2023, 17.12.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക 5 ലെ ശിപാർശയിൻമേലുള്ള അന്തിമ മറുപടി വകുപ്പിൽ നിന്നും ഇനിയും ലഭ്യമായിട്ടില്ല.

കമ്മിറ്റി(2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും അദ്ധ്യായം -I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാൻ അവശേഷിക്കുന്ന ശിപാർശയും ആയത് സംബന്ധിച്ച സമിതിയുടെ തുടർ ശിപാർശയും അദ്ധ്യായം -II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം – I

## കമ്മിറ്റി(2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### The Kerala Ground Water (Control and Regulation) Act,2002

### എസ്. ആർ. ഒ. നം. 116/2007

### ശിപാർശ (ഖണ്ഡിക 2 )

The Committee finds that in the fifth line of the S.R.O. the word 'Gazette' is omitted and wants the Department to correct the words 'the Kerala Government Extraordinary No.1333' as the Kerala Government Gazette Extraordinary No. 1333'and to issue an erratum accordingly.

### സ്വീകരിച്ച നടപടി

സമിതി സൂചിപ്പിച്ച ഉത്തരവിൽ (SRO No. 116/2007 dated: 06.02.2007 & G.O. (P) No. 10/2007/WRD dated: 02.02.2007) പ്രതിപാദിച്ചിരിക്കുന്ന ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ കാലാവധി ഉത്തരവ് തീയതിയിൽ നിന്നും ഒരു വർഷം മാത്രമാണ്. തുടർന്ന് പ്രസ്തുത

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേരള സർക്കാർ പ്രസിദ്ധീകരിച്ച 437/2008, 357/2009, 583/2012 എന്നീ എസ്.ആർ. ഒ കളിൽ 'Kerala Gazette Extraordinary' എന്ന് ഉൾക്കൊള്ളിച്ചിട്ടുണ്ട് (Annexure I, II and III) സമിതി പരിശോധിച്ച SRO യുടെ കാലാവധി ഒരു വർഷത്തിനകം അവസാനിച്ചതിനാലാണ് സമിതി സൂചിപ്പിച്ച മാറ്റം ഉൾക്കാള്ളിച്ചുകൊണ്ടുള്ള "erratum" പ്രസിദ്ധീകരിക്കാത്തത്.

**ശിപാർശ (ഖണ്ഡിക 3 )**

The Committee observes Rule 17 of the Kerala Ground Water (Control and Regulation) Rules, 2004 (S. R. O. No. 256/2004) is not mentioned in this S. R. O. along with sub-section (I) of section 9 of the Act. The Committee is of the opinion that the relevant rules with which a user of the ground water need to apply for registration shall also be referred in the notification. Hence the Committee recommends that while issuing similar notifications. the relevant rules along with the section of the Act by which notification is published need be mentioned in the S. R. O.

**സ്വീകരിച്ച നടപടി**

ഭൂജല ഉപഭോക്താവായി രജിസ്ററർ ചെയ്യുന്നതിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ എല്ലാം തന്നെ ആക്ററിന്റെ വകുപ്പും ചട്ടവും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക 4)**

The Committee finds that sub-section (I) of Section 9 of the Act which deals with the registration for every user of ground water was amended vide Act 22 of 2005. In the Act of 2002, the time limit for registration of user of ground water has been fixed as within 120 days from the date of the constitution of the State Ground Water Authority. By the amendment of 2005, the time limit for registration was provided as within such limit as may be notified by the Government.

**സ്വീകരിച്ച നടപടി**

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിന്റെ 9-ാം വകുപ്പ് ഭേദഗതി പ്രകാരം സംസ്ഥാനത്തെ എല്ലാ ഭൂജല ഉപഭോക്താക്കളും സർക്കാർ വിജ്ഞാപനം ചെയ്യപ്പെടുന്ന സമയപരിധിയ്ക്കനുസരിച്ച് സംസ്ഥാന ഭൂജല അതോറിറ്റിയിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതാണ്. ആയത് പ്രകാരം 2008 മുതൽ 31.05.2013 വരെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ഭൂജല ഉപഭോക്താവിനുള്ള രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ തലത്തിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

**ശിപാർശ (ഖണ്ഡിക 6)**

During witness examination the Committee enquired whether any of the areas notified vide S.R.O. No. 1021/2005 has been denotified after noticing that the ground water level in those areas have improved due to various measures undertaken to recharge the Ground Water. The witness replied that of the five notified areas listed as per S.R.O. No. 1021/2005, the Ground Water level has improved in all areas except Chittoor Block. The Committee

enquired the steps taken to denotify those areas and the witness replied according to the latest reports on Ground Water estimates received, steps had been initiated to denotify those areas which have improved the ground water level. The Committee needs the Department to take urgent steps to denotify areas other than Chittoor Block of Palakkad District. The Committee wants to be furnished with a report on the above matter and the copies of S.R.Os of the notification to that effect at the earliest.

**സ്വീകരിച്ച നടപടി**

2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയനുസരിച്ച് കേരള സർക്കാർ 18.02.2022 തീയതിയിലെ S.R.O No 156/2022 പ്രകാരം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ SRO No 1021/05 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളെ 18.02.2022 തീയതിയിലെ SRO No 157/2022 പ്രകാരം സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതുമാണ്.

[ ജലവിഭവ (ഭൂജല ) വകുപ്പിന്റെ 17.12.2022 തീയതിയിലെ ഭൂജല 3/52/2022-ജ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 2, 3, 4, 6 എന്നീ ഖണ്ഡികകളിന്മേലുള്ള ശിപാർശകളുടെ മറുപടി സമിതിയുടെ 20.12.2022-ലെ യോഗം അംഗീകരിച്ചു ]

**ശിപാർശ (ഖണ്ഡിക 8)**

The Committee notices that most of the members nominated other than from state civil service are from the district of Kollam. The Committee further notes that no member has been nominated from Chittoor Block which is already a notified area under the Act. The Committee is of the opinion that the induction of a member representing the interests of the people belonging to the places where the misuse of ground water is rampant, would have been more appropriate in this context. Hence the Committee recommends to include members from the notified areas in the State Ground Water Authority when it is reconstituted.

**സ്വീകരിച്ച നടപടി**

സംസ്ഥാന ഭൂജല അതോറിറ്റി 05.08.2023 ലെ സ.ഉ.(അച്ചടി)നം.17/2023/ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് ആയത് 07.08.2023 ൽ എസ്. ആർ. ഒ. നം. 853/2023 പ്രകാരം ഗസറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട് .

[ ജലവിഭവ (ഭൂജല) വകുപ്പ് 22.11.2024 ലെ ഭൂജല 3/129/2023/ജ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.12.2024 ലെ യോഗം അംഗീകരിച്ചു ]

**ശിപാർശ (ഖണ്ഡിക 10)**

The Committee is of the opinion that the relevant rule shall also be quoted along with sub-section (I) of section 9 of the Act, by which the notification is issued. Hence the Committee

recommends to include the relevant rule also while issuing notifications in future.

**സ്വീകരിച്ച നടപടി**

തുടർന്ന് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങളിൽ ശിപാർശ പ്രകാരം ചട്ടം 17 ഉൾപ്പെടുത്തുന്നതാണ്.
[ ജലവിഭവ (ഭൂജല ) വകുപ്പിന്റെ 17.12.2022 തീയതിയിലെ ഭൂജല 3/52/2022-ജ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 20.12.2022 ലെ യോഗം അംഗീകരിച്ചു ]

## അദ്ധ്യായം II

**കമ്മിറ്റി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും മറുപടി/അന്തിമ മറുപടി ലഭിയ്ക്കാതെയുള്ള ശിപാർശയും സമിതിയുടെ തുടർശിപാർശയും**

**ശിപാർശ (ഖണ്ഡിക 5)**

The Committee finds that Section 8 deals with the registration of owners of the wells in the notified areas has to be registered within 120 days from the date of establishment of the State Ground Water Authority and the time limit had expired years back. The Committee observes the need for an amendment similar to the amendment Act 22 of 2005 for Section 8 also. The Committee feels irony for not amending Section 8 of the Act since new users of ground water in notified areas need to apply for registration or there is a chance of getting more areas to be notified in the future as 'notified areas'. Hence the Committee wants the Government to amend Section 8 of the Act in the same lines with which Section 9 has been amended.

**സമിതിയുടെ തുടർ ശിപാർശ**

കമ്മിറ്റി(2016-2019)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശിപാർശയിൻമേലുള്ള അന്തിമ മറുപടി ജലവിഭവ (ഭൂജല) വകുപ്പിൽ നിന്നും നാളിതു വരെ ലഭ്യമായിട്ടില്ല. പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 17